HLM-0086

The Heavenly Light Ministry

ശുദ്ധിക്കായ് നീ യേശു സമീപേ പോയോ ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ ?
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ
തന്നിൽ വെച്ചോ ശുദ്ധിയായോ നീ ?

കുളിച്ചോ കുഞ്ഞാട്ടിൻ ആത്മശുദ്ധി നൽകും രക്തത്തിൽ ?
ഹിമം പോൽ നിഷ്കളങ്കമോ നിൻ അങ്കി
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൻ ?

അനുദിനം രക്ഷകൻ പക്ഷത്തോ നീ ശുദ്ധിയായ് നടന്നീടുന്നത് ?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ ?
വിശ്രമം നാഴികതോറുമേ ? ... കുളിച്ചോ

കർത്തൻ വരവിൽ നിൻ അങ്കി ശുദ്ധമോ
ഏററവും വെണ്മയായ് കാണുമോ ?
സ്വർപ്പുരത്തിൽ വാസം ചെയ്തീടാൻ യോഗ്യ
പാത്രമായ് തീരുമോ അന്നാളിൽ... കുളിച്ചോ

പാപക്കറ ഏററ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക
ജീവനീർ ഒഴുകുന്നു അശുദ്ധർക്കായ്
കുളിച്ചു ശുദ്ധിയായിടുക ... കുളിച്ചോ